**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1160** **12-06-2024 - ൽ മറുപടിയ്ക്ക്**

**കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാംഘട്ട വിപുലീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാം ഘട്ട വിപുലീകരണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ; | (എ) | കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ്. ആയതിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ വർക്ക് (Investigation Work) [ബോറിംഗ് & സാമ്പിൾ കളക്ഷൻ വർക്ക് (Boring & Sample Collection Work)] പൂർത്തീകരിച്ചിട്ടുണ്ട്. വർക്കിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനേഷൻ (CTE) നടത്തുന്നതിനുള്ള നടപടിക്രമങ്ങളും ചെയ്തിട്ടുണ്ട്. 16 വെർട്ടിക്കൽ പോണ്ടുകളുടെ നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതാണ്. |
| (ബി) | രണ്ടാംഘട്ട വികസനം പൂർത്തിയാകുന്നതോടെ കല്ലാനോട് ഫിഷ് ഹാച്ചറിയിൽ നിന്നും എത്ര ജില്ലകൾക്ക് മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (ബി) | രണ്ടാംഘട്ട വികസനം പൂർത്തിയാകുന്നതോടെ കല്ലാനോട് ഫിഷ് ഹാച്ചറിയിൽ നിന്നും എറണാകുളം മുതൽ കാസർഗോഡ് വരെ 8 ജില്ലകൾക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ